**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ഡിപ്പോയിൽ നിന്നുമുള്ള ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിക്ക് മുമ്പ് സർവ്വീസ് നടത്തിയിരുന്നതും തുടർന്ന് നിർത്തലാക്കിയതുമായ ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡിന് ശേഷം ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള 16 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.<br>1. 19.00 ബാംഗ്ലൂർ<br>2. 07.00 കോഴിക്കോട്<br>3. 04.40 തിരുവനന്തപുരം<br>4. 06.00 കോഴിക്കോട്<br>5. 15.10 മാനന്തവാടി<br>6. 04.30 പാലക്കാട്<br>7. 07.40 കോഴിക്കോട്<br>8. 08.45 കോഴിക്കോട്<br>9. 05.10 ആലപ്പുഴ<br>10. 07.30 കോഴിക്കോട്<br>11. 05.50 കോഴിക്കോട്<br>12. 07.02 പാലക്കാട്<br>13. 04.00 പാലക്കാട്<br>14. 05.00 കോഴിക്കോട്<br>15. 08.20 കോഴിക്കോട്<br>16. 16.40 എറണാകുളം. |
| (ബി) | നിർത്തലാക്കിയ സർവ്വീസുകളിൽ പുനരാരംഭിച്ചിട്ടുള്ള റൂട്ടുകളുടെയും ഇനിയും സർവ്വീസ് പുനരാരംഭിച്ചിട്ടില്ലാത്ത റൂട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിൽ കാണിച്ചിരിക്കുന്ന സർവ്വീസുകളൊന്നും തന്നെ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല. മേൽ സർവ്വീസുകൾക്ക് പകരമായി മറ്റ് സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ഇത്തരത്തിൽ പകരം യാത്രാ സൗകര്യം ലഭ്യമാവുകയും ചെയ്തതിനാൽ അനാവശ്യമായി അധിക സർവ്വീസ് നടത്തി ചെലവ് വർദ്ധിക്കാതിരിക്കുവാൻ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. എന്നാൽ യാത്രാവശ്യം വരുന്നതനുസരിച്ച് ജീവനക്കാരെ പുനഃക്രമീകരിച്ച് ലഭ്യമാക്കി സർവ്വീസുകൾ വീണ്ടും ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. കൂടാതെ നഷ്ടം വരുത്തുന്നതും |

| | | | |
|---|---|---|---|
| | | | ചെലവ് കൂട്ടുന്നതുമായ അധിക സർവ്വീസുകൾ പുനരാരംഭിക്കുവാൻ നിലവിൽ കഴിയുകയില്ല. |
| (സി) | നിർത്തലാക്കിയ സർവ്വീസുകൾ എന്നേയ്ക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | ജീവനക്കാരുടെ ലഭ്യത അനുസരിച്ച് പുനരാരംഭിക്കുന്നതാണ്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന അധിക ജീവനക്കാരെ ഉപയോഗിച്ച് ഇതോടൊപ്പം കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ